# കേരള സർവകലാശാല

നം.പി.ആർ.236/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### വൈവാ വോസി

2018 സെപ്റ്റംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്.സി ബയോഇൻഫർമാറ്റിക്സ് പരീക്ഷയുടെ വൈവ പരീക്ഷ നവംബർ 2 ന് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 സെപ്റ്റംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എ മാസ് കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം പരീക്ഷയുടെ വൈവ പരീക്ഷ നവംബർ 15 ന് രാവിലെ 9.30 ന് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

2018 നവംബർ 7 ന് ആരംഭിക്കുന്ന ബി.കോം ഡിഗ്രി പാർട്ട് മൂന്ന് (പ്രൈവറ്റ്/എസ്.ഡി.ഇ) ആന്വൽ സ്കീം സപ്ലിമെന്ററി പരീക്ഷാ ടൈംടേബിൾ വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

2018 ഫെബ്രുവരിയിൽ നടത്തിയ ബി.എ, ബി.കോം, ബി.ബി.എ, ഇന്റഗ്രേറ്റഡ് എൽ.എൽ.ബി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ തിരിച്ചറിയൽ രേഖയും ഹാൾടിക്കറ്റുമായി നവംബർ 1 മുതൽ 9 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ പുന:പരിശോധനാ വിഭാഗത്തിൽ (ഇജെ I സെക്ഷൻ) ഹാജരാകേണ്ടതാണ്.

2017 സെപ്റ്റബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.ടെക് (പാർട്ട് ടൈം റീസ്ട്രക്ചേർഡ് – 2008 സ്കീം) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾടിക്കറ്റുമായി ബി.ടെക് റീവാല്യുവേഷൻ സെക്ഷനിൽ നവംബർ 1 മുതൽ 9 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

### പരീക്ഷാകേന്ദ്രം

ബി.ടെക് (2008 & 2013 സ്കീം – സപ്ലിമെന്ററി) പരീക്ഷകൾക്ക് എസ്.എച്ച്.എം എഞ്ചിനീയറിംഗ് കോളേജ് സെന്ററായി അപേക്ഷിച്ചിട്ടുള്ള മെക്കാനിക്കൽ എഞ്ചിനീയറിംഗ്, സിവിൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് എന്നീ ബ്രാഞ്ചുകളിലുള്ള വിദ്യാർത്ഥികൾ വിദ്യാ അക്കാഡമി ഓഫ് സയൻസ് ആന്റ് ടെക്നോളജി, മലക്കൽ പി.ഒ കിളിമാനൂർ സെന്ററിലും, ഇൻഫർമേഷൻ ടെക്നോളജി, കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് എന്നീ ബ്രാഞ്ചുകളിലുള്ള വിദ്യാർത്ഥികൾ യൂനുസ് കോളേജ് ഓഫ്

എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി വടക്കേവിള, കൊല്ലം സെന്ററിലും തുടർന്നുള്ള എല്ലാ തിയറി, പ്രാക്ടിക്കൽ പരീക്ഷകൾ എഴുതേണ്ടതാണ്.

## അപേക്ഷ ക്ഷണിക്കുന്നു

സർവകലാശാലയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഫിനാൻസ് ഓഫീസറെ നിയമിക്കുന്നതിനുള്ള റീ-നോട്ടിഫിക്കേഷൻ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ നവംബർ 26 ന് 5 മണിക്ക് മുൻപായി അപേക്ഷിക്കേണ്ടതാണ്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിലെ സെന്റർ ഫോർ ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിംഗിൽ നടത്തുന്ന 'Spoken English Skill Development' (3 മാസം) കോഴ്സിലേയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷ ഫീസ് 2500/- രൂപ. അപേക്ഷ സർവകലാശാല വെബ്സൈറ്റിൽ. അവസാന തീയതി നവംബർ 9 വൈകിട്ട് 4 മണി വരെ. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം 'ദി ഡയറക്ടർ, സെന്റർ ഫോർ ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിംഗ്, ഇൻസ്റ്റിറ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, കേരള സർവകലാശാല, പാളയം, തിരുവനന്തപുരം - 34'

കേരള സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് നൽകി വരുന്ന ന്യൂനപക്ഷ സ്കോളർഷിപ്പുകളായ സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് (ബിരുദം/ബിരുദാനന്തര ബിരുദം/പ്രൊഫഷണൽ കോഴ്സുകൾക്ക്) മദർ തെരേസ സ്കോളർഷിപ്പ് (നഴ്സിംഗ് ഡിപ്ലോമ/പാരാമെഡിക്കൽ കോഴ്സുകൾക്ക്) എ.പി.ജെ അബ്ദുൾ കലാം സ്കോളർഷിപ്പ് (പോളിടെക്നിക്ക് ഡിപ്ലോമ കോഴ്സുകൾക്ക്) ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## ഒന്നാംവർഷ ബിരുദാനന്തരബിരുദം - സ്പോട്ട് അലോട്ട്മെന്റ്

2018-19-ലെ ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള സീറ്റുകളിലേയ്ക്ക് സർവകലാശാല സെനറ്റ് ഹാളിൽ വച്ച് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. എം.എസ്.സി / എം. കോം. കോഴ്സുകൾക്ക് ഒക്ടോബർ 30-നും എം.എ. കോഴ്സുകൾക്ക് ഒക്ടോബർ 31-നുമാണ് സ്പോട്ട് അലോട്ട്മെന്റ്. പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ കേരള സർവകലാശാല സെനറ്റ് ഹാളിൽ ഹാജരാകേണ്ടതാണ്. ഒഴിവുള്ള സീറ്റുകളുടെ വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കും.

(പ്രത്യേക കുറിപ്പ് : എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന് )

തിരുവനന്തപുരം.
29.10.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in
University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098